(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ഏതൊക്കെ തസ്തികകളിലേയ്ക്കാണ് ഇവർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് എന്ന് നിയമനം നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 108 പേരെ പിരിച്ചുവിടുകയും 1,458 പേരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 27,316 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു. പുതിയതായി 2641 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) വർക്ക് അസിസ്റ്റന്റ് തസ്തികയിൽ 276 പേർക്ക് നിയമനം നൽകാനുണ്ട്. അതുപോലെ കോച്ച് ബിൽഡർ തസ്തികയിൽ മെമ്മോ ലഭിച്ചിട്ടുള്ള 192 പേർക്ക് നിയമനം നൽകിയിട്ടില്ല.

(ഇ) വർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മെമ്മോ ലഭിച്ചിട്ടുള്ള 276 പേർക്കും നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം ഒഴിവുകൾ ഇല്ലാത്തതുകൊണ്ട് കോച്ചു ബിൽഡർ തസ്തികയിൽ ആരെയും നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.-യിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസം

127 [581] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞു പോകുന്ന ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, ക്ഷേമനിധി തുടങ്ങിയവയും നൽകുന്നതിൽ കാലവിളംബവും അനിശ്ചിതത്വവും ഒഴിവാക്കാനുള്ള പദ്ധതി ആലോചിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവ നൽകുന്നതിനുള്ള പരമാവധി കാലാവധി നിർണ്ണയിക്കുമോ;

(സി) സർവ്വീസിലിരുന്നപ്പോൾ ജോലിയുടെ നിർവ്വഹണത്തിനിടയിൽ മനഃപൂർവ്വമല്ലാത്ത അപകടങ്ങളുടേയും മറ്റും പേരിൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ അവകാശങ്ങൾ തടഞ്ഞുവയ്ക്കുന്ന രീതി അവസാനിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ബഹു. കേരള ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഇപ്പോൾ ഈ ആനുകൂല്യങ്ങൾ പെൻഷൻകാർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് കാലവിളംബം കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. കാലാവധി നിർണ്ണയിക്കുവാൻ ഇപ്പോൾ പ്രയാസമാണ്.

(സി) കോടതി വിധിയുടേയും മറ്റു ബന്ധപ്പെട്ട റിക്കാർഡുകളുടേയും വെളിച്ചത്തിലാണ് ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്. കുറ്റക്കാരല്ലാത്തവരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാറില്ല.

കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. സെലക്ഷനിലൂടെ നിയമിതരായ റിസർവ്വ് കണ്ടക്ടേഴ്സ്

128 [582] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി. സെലക്ഷനിലൂടെ നിയമിതരായ റിസർവ്വ് കണ്ടക്ടേഴ്സിനെ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നതിന് ഒരു നിശ്ചിത കാലാവധി സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) സർവ്വീസ് ചട്ടങ്ങൾ പ്രകാരവും എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലും ഉള്ള ആനുകൂല്യങ്ങൾ കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ സ്ഥിരം ജീവനക്കാർക്കും നിലനിർത്തുന്നതിനും സമയബന്ധിതമായി അവ നൽകുന്നതിനും സർക്കാരിന് പദ്ധതിയുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും ഒരേ ആനുകൂല്യം എന്ന വ്യവസ്ഥ കെ.എസ്.ആർ.ടി.സി.-യിൽ പുനഃരാരംഭിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് ഇക്കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly